# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4148 — 16.12.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | **ശ്രീ.കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## 2013-14 വർഷത്തെ നികുതി വരവ്

| | | |
|---|---|---|
| (എ) | 2013-14 വർഷത്തെ ബഡ്ജറ്റിൽ എത്ര നികുതി വരവ് ഉണ്ടാവുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്; പ്രതീക്ഷിച്ച വരവ് എത്ര; യഥാർത്ഥ വരവ് എത്ര; 30.11.2014 ലെ കണക്ക് പ്രകാരം വിശദമാക്കാമോ; | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2013-14 ൽ പ്രതീക്ഷിച്ച ആകെ സംസ്ഥാന നികുതി വരുമാനം 38771.10 കോടി രൂപയാണ്. പ്രസ്തുത വർഷം ലഭിച്ച യഥാർത്ഥ നികുതി വരുമാനം 31995.01 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷം ഒക്ടോബർ മാസാവസാനം വരെ ലഭിച്ച സംസ്ഥാന നികുതി വരുമാനം 19830 കോടി രൂപയാണ്. |
| (ബി) | ടി സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എത്രയാണ് നികുതി വിഹിതമായി ലഭിച്ചത്; എത്രയാണ് യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്നത്; കുറവു വന്നിട്ടുണ്ടെങ്കിൽ എന്താണ് കാരണം എന്ന് വെളിപ്പെടുത്താമോ; | 2013-14 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി പ്രതീക്ഷിച്ചത് 8143.79 കോടി രൂപയാണ്. ലഭിച്ച യഥാർത്ഥ വിഹിതം 7468.68 കോടി രൂപയാണ്. കേന്ദ്ര നികുതി വരുമാനത്തിൽ വന്ന കുറവ് കാരണമാണ് സംസ്ഥാന വിഹിതത്തിലും കുറവുണ്ടായത്. |
| (സി) | സർക്കാർ ഹെഡുകളിൽ നിന്നും തുക വിനിയോഗിക്കുന്നതിന് നിലവിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് ധനകാര്യ വകുപ്പ് വിവിധ വകുപ്പ് തലവന്മാർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | വിവിധ വകുപ്പു തലവന്മാർക്ക് സാമ്പത്തികാധികാരം നൽകിയ 01.03.2013 ലെ ജി.ഒ (പി) നം. 110/13/ധന ഉത്തരവിൽ വിവിധ ഇനം ചെലവുകൾ വഹിക്കുമ്പോൾ ശീർഷകത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ് എന്നും നിലവിലുള്ള കോഡൽ പ്രൊവിഷൻ/സ്റ്റോർ പർച്ചേസ് റൂൾസ് എന്നിവ കർശനമായി പാലിക്കേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ നികുതി കൾ ആണ് വർദ്ധിപ്പിച്ചതെന്ന് വിശദാംശം നൽകാമോ? | വിവിധ പുകയില ഉത്പന്നങ്ങൾ, മദ്യം, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന മോട്ടോർ വാഹനങ്ങൾ, പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ, ഭൂ നികുതി, ക്രഷറുകൾ, ആഡംബര വസ്തുക്കൾ, പേപ്പർ ലോട്ടറികൾ, പ്ലാസ്റ്റിക് നിർമ്മിത മായ ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റു കൾ, പോളി പ്രൊപ്പലിന് ക്യാരിബാഗുകൾ തുടങ്ങിയ ഇനങ്ങളുടെ നികുതി നിരക്കു കളും വാറ്റിലെ പൊതു നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ